# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **2027**

**07-12-2015** ൽ മറുപടിയ്ക്ക്

## കപ്പൽ ഗതാഗത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വിവിധ തുറമുഖങ്ങളെ കേന്ദ്രീകരിച്ച് കപ്പൽ വഴിയുള്ള ഗതാഗതത്തിനുള്ള പദ്ധതി ഏതെല്ലാം തീരങ്ങളെ കേന്ദ്രീകരിച്ചാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കമോ; | (എ) കേരള തീരദേശം വഴിയുള്ള കപ്പൽ ഗതാഗത പദ്ധതി കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളെ കേന്ദ്രീകരിച്ചാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) പദ്ധതി എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കുമോ ? | (ബി) കപ്പൽ ഗതാഗത പദ്ധതി 2013 നവംബർ ഒൻപതാം തീയതി കൊല്ലം തുറമുഖത്ത് വച്ച് ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു. അഴീക്കൽ തുറമുഖത്തും, പദ്ധതി 30-10-2014 ൽ ആരംഭിച്ചു. ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളിൽ കണ്ടെയ്നർ ചരക്കുകൾ ഒഴികെയുള്ളവ തീരദേശ കപ്പൽ ഗതാഗതം വഴി കൈകാര്യം ചെയ്യുന്നുണ്ട്. കണ്ടെയ്നർ ക്രെയിൻ ഈ തുറമുഖങ്ങളിൽ ലഭ്യമാകുന്നതോടെ കണ്ടെയ്നർ ചരക്കുകളും കപ്പൽ ഗതാഗതം വഴി കൈകാര്യം ചെയ്യുവാനാകും. |

സെക്ഷൻ ഓഫീസർ